**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6863** **21-03-2023 - ൽ മറുപടിയ്ക്ക്**

**പരാതിരഹിത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പരാതിരഹിത കേരളം ലക്ഷ്യമാക്കി ഈ സർക്കാർ സംഘടിപ്പിക്കുന്ന താലൂക്ക് അദാലത്തിൽ പ്രധാനമായും ഏതെല്ലാം വിഷയങ്ങളാണ് പരിഗണിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | പരാതിരഹിത കേരളം ലക്ഷ്യമാക്കി 2023 മെയ് മാസം താലൂക്ക് ആസ്ഥാനങ്ങളിൽ കരുതലും കൈത്താങ്ങും എന്ന പേരിൽ സംഘടിപ്പിക്കുന്ന താലൂക്ക് പരാതി പരിഹാര അദാലത്തിൽ പരിഗണിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ള വിഷയങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഭൂമി സംബന്ധമായ വിഷയങ്ങൾ (അതിർത്തി നിർണ്ണയം, അനധികൃത നിർമ്മാണം, ഭൂമി കയ്യേറ്റം)<br>2. സർട്ടിഫിക്കറ്റുകൾ/ലൈസൻസുകൾ നൽകുന്നതിലെ കാലതാമസം/നിരസിക്കൽ<br>3. തണ്ണീർത്തട സംരക്ഷണം<br>4. ക്ഷേമ പദ്ധതികൾ (വീട്, വസ്തു-ലൈഫ് പദ്ധതി, വിവാഹ/പഠന ധനസഹായം മുതലായവ)<br>5. പ്രകൃതി ദുരന്തങ്ങൾക്കുള്ള നഷ്ടപരിഹാരം<br>6. സാമൂഹ്യ സുരക്ഷ പെൻഷൻ - കുടിശ്ശിക ലഭിക്കുക, പെൻഷൻ അനുവദിക്കുക<br>7. പരിസ്ഥിതി മലിനീകരണം/മാലിന്യ സംസ്കരണം<br>8. തെരുവ് നായ സംരക്ഷണം/ശല്യം<br>9. അപകടകരങ്ങളായ മരങ്ങൾ മുറിച്ചുമാറ്റുന്നത്<br>10. തെരുവുവിളക്കുകൾ<br>11. അതിർത്തി തർക്കങ്ങളും വഴി തടസ്സപ്പെടുത്തലും<br>12. വയോജന സംരക്ഷണം<br>13. കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടവ (കെട്ടിട നമ്പർ, നികുതി)<br>14. പൊതുജലസ്രോതസ്സുകളുടെ സംരക്ഷണവും, കുടിവെള്ളവും<br>15. റേഷൻകാർഡ് (APL/BPL) (ചികിത്സ ആവശ്യങ്ങൾക്ക്) |

| | | | |
|---|---|---|---|
| | | | 16. വന്യജീവി ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണം/നഷ്ടപരിഹാരം<br>17. വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ചുള്ള പരാതികൾ/അപേക്ഷകൾ<br>18. വളർത്തുമൃഗങ്ങൾക്കുള്ള നഷ്ടപരിഹാരം/ സഹായം<br>19. കൃഷിനാശത്തിനുള്ള സഹായങ്ങൾ<br>20. കാർഷിക വിളകളുടെ സംഭരണവും വിതരണവും, വിള ഇൻഷ്വറൻസ്<br>21. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ടവ<br>22. മത്സ്യബന്ധന തൊഴിലാളികളുമായി ബന്ധപ്പെട്ടവ<br>23. ആശുപത്രികളിലെ മരുന്ന് ക്ഷാമം<br>24. ശാരീരിക/ബുദ്ധി/മാനസിക വൈകല്യമുള്ളവരുടെ പുനരധിവാസം, ധനസഹായം, പെൻഷൻ<br>25. വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ<br>26. എൻഡോസൾഫാൻ ദുരിതബാധിതരുടെ വിഷയങ്ങൾ<br>27. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ<br>28. വ്യവസായ സംരഭങ്ങൾക്കുള്ള അനുമതി. |
| (ബി) | പ്രസ്തുത അദാലത്തുകൾ എന്നുമുതൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ബഹു.മന്ത്രിമാരുടെ നേതൃത്വത്തിൽ താലൂക്ക് തല പരാതി പരിഹാര അദാലത്തുകൾ മെയ് മാസം 2-ാം തീയതി മുതൽ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ